ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 20.08.2026

TIME : 07.25 PM

## പ്രധാന വാർത്തകൾ

1. 31-ാമത് ദക്ഷിണ മേഖലാ കൗൺസിലിൽ യോഗം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഇന്ന് മഹാബലിപുരത്ത് ചേർന്നു; ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ യോഗത്തിൽ പങ്കെടുത്തു.

   **The 31st Southern Zonal Council meeting was held today in Mahabalipuram under the chairmanship of Union Home Minister Amit Shah. Chief Ministers of the southern states attended the meeting.**

2. മുല്ലപ്പെരിയാർ വിഷയം യോഗത്തിൽ ഉന്നയിച്ച് മുഖ്യമന്ത്രി വി.ഡി സതീശൻ; മിഷൻ സമുദ്രയ്ക്കായി പ്രാദേശിക പിന്തുണയും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

   **Chief Minister V.D. Satheesan raised the Mullaperiyar issue at the meeting and also sought local support for Mission Samudra.**

3. ഇന്ത്യ-സിംഗപ്പൂർ നാലാമത് മന്ത്രിതല വട്ടമേശ സമ്മേളനം സിംഗപ്പൂരിൽ ചേർന്നു.

   **The fourth India-Singapore Ministerial Roundtable was held in Singapore.**

4. നീറ്റ് വിഷയത്തിൽ പ്രതിഷേധിച്ച വിദ്യാർത്ഥികൾക്ക് നേരെ പോലീസ് അമിത ബലപ്രയോഗം നടത്തിയെന്ന പരാതികൾ പരിശോധിക്കുന്നതിന് അഞ്ചംഗ അന്വേഷണ സമിതിയെ നിയോഗിച്ച് സുപ്രീംകോടതി.

**The Supreme Court has formed a five-member High-Powered Enquiry Committee to examine allegations of excessive use of force by police authorities against student protesters in Delhi.**

5. **ബംഗ്ലാദേശിന്റെ 23-ാമത് പ്രസിഡന്റായി ബി.എൻ.പി നേതാവ് മിർസ ഫഖ്രുൽ ഇസ്ലാം അലംഗീരിനെ തിരഞ്ഞെടുത്തു.**

**BNP leader Mirza Fakhrul Islam Alamgir has been elected as the 23rd President of Bangladesh.**

6. **FIH ഹോക്കി ലോകകപ്പ് വനിതാ വിഭാഗത്തിൽ ഇന്ത്യ- ഇംഗ്ലണ്ടിനെ നേരിടുന്നു.**

**India will take on England today in the women's FIH Hockey World Cup.**

&&&&&&&&&&&&&&&&&&&&&&

**TN- AMIT SHAH (intro)**

31-ാമത് ദക്ഷിണ മേഖലാ കൗൺസിലിൽ യോഗം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഇന്ന് തമിഴ്നാട്ടിലെ മഹാബലിപുരത്ത് ചേർന്നു. യോഗത്തിൽ മുഖ്യമന്ത്രി വി.ഡി.സതീശൻ, തമിഴ്നാട്, കർണാടക , ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിമാർ, തെലങ്കാന ഉപമുഖ്യമന്ത്രി, പുതുച്ചേരി, ആൻഡമാൻ ലഫ്റ്റനന്റ് ഗവർണർമാർ, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം, പ്രാദേശിക സുരക്ഷ എന്നിവയിലെ സഹകരണം സംബന്ധിച്ച ചർച്ചകൾ യോഗത്തിൽ നടന്നു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കും, കേന്ദ്ര ഭരണപ്രദേശങ്ങൾക്കുമിടയിൽ അഭിപ്രായം പങ്കുവയ്ക്കാൻ മേഖലാ കൗൺസിൽ വേദിയൊരുക്കുന്നതായി മുഖ്യമന്ത്രി വി.ഡി സതീശൻ അഭിപ്രായപ്പെട്ടു. മുല്ലപ്പെരിയാർ വിഷയം ഉൾപ്പെടെ അദ്ദേഹം സോണൽ കൗൺസിലിൽ ഉന്നയിച്ചു.

**വിശദാംശങ്ങളിലേക്ക്---**

(ഹോൾഡ്)

## TN- AMIT SHAH (VOICE)

മുല്ലപ്പെരിയാറിൽ നിർമിക്കുന്ന പുതിയ അണക്കെട്ടിൽ നിന്നുള്ള മുഴുവൻ വെള്ളവും തമിഴ്നാടിന് നൽകാമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ സതേൺ സോണൽ കൗൺസിൽ യോഗത്തിൽ വ്യക്തമാക്കി. അണക്കെട്ടിൻറെ ചിലവ് പൂർണമായും കേരളം വഹിക്കുമെന്നും, അണക്കെട്ടിൻറെ സ്ഥാനവും, രൂപരേഖയും തമിഴ്നാടിന് തീരുമാനിക്കാമെന്നും അദ്ദേഹം പറഞ്ഞു. മിഷൻ സമുദ്രയ്ക്കായി പ്രാദേശിക പിന്തുണയും അദ്ദേഹം യോഗത്തിൽ അഭ്യർത്ഥിച്ചു. പാർലമെൻറ് അടുത്തിടെ പാസ്സാക്കിയ ഖനി, ധാതു ഭേദഗതി ബിൽ പിൻവലിക്കണമെന്ന ആവശ്യവും ശ്രീ വി.ഡി സതീശൻ മുന്നോട്ട് വച്ചു. പാർലമെൻറ് അംഗങ്ങളുടെ നിലവിലെ എണ്ണം വർദ്ധിപ്പിക്കാതെ തന്നെ വനിതകൾക്ക് മൂന്നിലൊന്ന് സംവരണം നൽകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടതായി മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

ന്യൂസ് ഡസ്ക്, ആകാശവാണി .

&&&&&&&&&&&&&&&&&&&&&&

## INDIA-SINGAPORE ROUNDTABLE

ഇന്ത്യ-സിംഗപ്പൂർ നാലാമത് മന്ത്രിതല വട്ടമേശ സമ്മേളനം സിംഗപ്പൂരിൽ നടന്നു. കേന്ദ്ര മന്ത്രിമാരായ നിർമല സീതാരാമൻ, എസ്.ജയ്ശങ്കർ, പീയൂഷ് ഗോയൽ, ജിതിൻ പ്രസാദ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഡിജിറ്റൽ സാങ്കേതികവിദ്യ, ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചർ, സെമികണ്ടക്ടർ വിതരണ ശൃംഖല, സൈബർ സുരക്ഷ ഉൾപ്പെടെയുള്ള വിഷയങ്ങളിലെ സഹകരണം സംബന്ധിച്ച് ചർച്ചകൾ നടന്നു.

&&&&&&&&&&&&&&&&&&&&&&

## NEW. INDIA-JAPAN DEFENCE (INTRO)

ഇന്ത്യ-ജപ്പാൻ ബന്ധം ജനാധിപത്യ മൂല്യങ്ങൾ, പരസ്പര ബഹുമാനം, നാഗരികത എന്നിവയിൽ വേരൂന്നിയതാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ ഇന്ത്യ-ജപ്പാൻ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ സംസാരിക്കുകയിരുന്നു അദ്ദേഹം. ഇന്തോ-പസഫിക് മേഖലക്കും ഇന്ത്യൻ മഹാസമുദ്രത്തിന്റെ സുരക്ഷക്കും ഇന്ത്യ-ജപ്പാൻ സൗഹൃദം ശക്തി പകരുന്നതായും അദ്ദേഹം പറഞ്ഞു.

(വോയിസ് .....)

ഇരുരാജ്യങ്ങൾക്കുമിടയിലെ പ്രതിരോധ

സഹകരണം ആഴത്തിലാക്കാനും യോഗത്തിൽ ധാരണയായി. ശ്രീ. രാജ്നാഥ് സിംഗും ജപ്പാൻ പ്രതിരോധ മന്ത്രി ഷിൻജിറോ കൊയ്സുമിയും സംയുക്തമായാണ് യോഗത്തിന് അധ്യക്ഷത വഹിച്ചത്.

&&&&&&&&&&&&&&&&&&&&&&

## SC-NEET PROTEST PANEL

നീറ്റ് ക്രമക്കേടുമായി ബന്ധപ്പെട്ട് ഡൽഹിയിൽ പ്രതിഷേധം നടത്തിയ വിദ്യാർത്ഥികൾക്ക് നേരെ പോലീസ് അമിത ബലപ്രയോഗം നടത്തിയെന്ന പരാതികൾ പരിശോധിക്കുന്നതിന് അഞ്ചംഗ അന്വേഷണ സമിതിയെ നിയോഗിച്ച് സുപ്രീംകോടതി. ഉന്നതതല അന്വേഷണ സമിതിയ്ക്ക് സുപ്രീംകോടതി മുൻ ജഡ്ജി ജസ്റ്റിസ് ആർ സുഭാഷ് റെഡ്ഡി നേതൃത്വം നൽകും. വനിതകളായ പ്രതിഷേധക്കാർക്ക് നേരെ അതിക്രമം ഉണ്ടായോ എന്ന് പ്രത്യേകം പരിശോധിക്കണമെന്നും കോടതി നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&&&&&

## SHAH-VANDE MATRAM

വന്ദേമാതരത്തിന്റെ ആദ്യ രണ്ട് ഭാഗങ്ങൾ മാത്രം ആലപിക്കാനുള്ള കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയുടെ തീരുമാനത്തെ വിമർശിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഈ തീരുമാനം പാർലമെന്റ് പാസാക്കിയ നിയമത്തോടുള്ള വെല്ലുവിളിയാണെന്നും രാജ്യവിരുദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## JHARKHAND HC-RECRUITMENT EXAMS-EARLY

ഝാർഖണ്ഡ് പബ്ലിക് സർവീസ് കമ്മീഷൻറെ 11 മുതൽ 13 വരെയുള്ള സ്റ്റേറ്റ് സിവിൽ സർവീസ് പരീക്ഷകളിലൂടെയും, ഫുഡ് സേഫ്റ്റി ഓഫീസർ പരീക്ഷയിലൂടെയും നടത്തിയ നിയമനങ്ങൾ റദ്ദാക്കാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം സ്റ്റേ ചെയ്ത് ഝാർഖണ്ഡ് ഹൈക്കോടതി. പരീക്ഷയിൽ വിജയിച്ച ഉദ്യോഗാർത്ഥികൾ നൽകിയ ഹർജികളിലാണ് കോടതി നിർദ്ദേശം . നിയമിതരായ ജീവനക്കാരെ സ്വാഭാവിക നീതി നിഷേധിച്ചുകൊണ്ട് പിരിച്ചുവിടാൻ സാധിക്കില്ലെന്നും ഇവരെ വീണ്ടും സർവീസിൽ പ്രവേശിപ്പിക്കണമെന്നും കോടതി വ്യക്തമാക്കി. 342 പേരാണ് ഇതിനകം സർവീസിൽ പ്രവേശിച്ചത്.

&&&&&&&&&&&&&&&&&&&&&&

## ALLOWANCE - POLICE

ഓണക്കാലത്ത് ഡ്യൂട്ടി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിവന്നിരുന്ന അലവൻസ് ഇരട്ടിയാക്കി സംസ്ഥാന സർക്കാർ. 500

രൂപയിൽ നിന്നും ആയിരം രൂപയാക്കിയാണ് അലവൻസ് വർധിപ്പിച്ചത്.

&&&&&&&&&&&&&&&&&&&&&&

## NEHRU TROPHY

72-ാമത് നെഹ്രുട്രോഫി വള്ളംകളിക്കുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. മറ്റന്നാൾ പുന്നമടക്കായലിൽ നടക്കുന്ന ജലോത്സവത്തിൽ 71 ജലരാജാക്കന്മാരാണ് മത്സരിക്കുന്നത്. ആലപ്പുഴ ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റെന്നാൾ പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്. പൊതുപരീക്ഷകൾക്ക് മാറ്റമില്ല.

&&&&&&&&&&&&&&&&&&&&&&

## BRICS-COMM MINISTERS MEET

12-ാമത് ബ്രിക്സ് വാർത്താ വിനിമയ മന്ത്രിമാരുടെ യോഗം നാളെ പൂനെയിൽ നടക്കും. കേന്ദ്ര വാർത്താ വിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യയുടെ അധ്യക്ഷതയിൽ നടക്കുന്ന യോഗത്തിൽ ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നുള്ള മന്ത്രിമാരും പ്രതിനിധികളും പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&

## AADHAAR APP-MILESTONE

ആധാർ അപ്ലിക്കേഷൻ ഡൗൺലോഡുകളുടെ എണ്ണം 5 കോടി പിന്നിട്ടതായി കേന്ദ്ര സർക്കാർ. സ്മാർട്ട്ഫോണുകൾ ഉപയോഗിച്ച് ആധാർ വിവരങ്ങൾ പുതുക്കാൻ സഹായിക്കുന്ന ഈ ആപ് വഴി 75 ലക്ഷത്തിലധികം പേർ മൊബൈൽ നമ്പറും മേൽവിലാസവും ഇ-മെയിൽ വിലാസവും ഇതിനകം പുതുക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&

## SEA SURGE

കള്ളക്കടൽ പ്രതിഭാസത്തെ തുടർന്ന് കേരളം, ലക്ഷദ്വീപ്, പുതുച്ചേരി, തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഇന്ന് കടലാക്രമണത്തിന് സാധ്യതയെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം. ഇവിടെ ചുവപ്പ് ജാഗ്രത നിലനിൽക്കുന്നതിനാൽ മത്സ്യതൊഴിലാളികൾ കടലിൽ പോകരുതെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. കോട്ടയം, എറണാകുളം, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&

## HOCKEY

നെതർലൻഡ്സിൽ നടക്കുന്ന FIH ഹോക്കി ലോകകപ്പിൽ ഇന്ത്യൻ വനിതാ ടീം ഇംഗ്ലണ്ടിനെ നേരിടുന്നു. മത്സരം ഒരു മണിക്കൂർ പിന്നിടുമ്പോൾ ഇരു ടീമുകളും ഗോളോന്നും നേടിയിട്ടില്ല. ഇന്നത്തെ മത്സരത്തിൽ വിജയമോ സമനിലയോ നേടിയാൽ ഇന്ത്യക്ക് പൂളിൽ ഒന്നാമതെത്തി അടുത്ത റൗണ്ടിലേക്ക് നേരിട്ട് യോഗ്യത നേടാം. പുരുഷ വിഭാഗത്തിൽ ഇന്നലെ നടന്ന മത്സരത്തിൽ പാകിസ്ഥാനെ പരാജയപ്പെടുത്തി ഇന്ത്യ അടുത്ത റൗണ്ടിലേക്ക് യോഗ്യത നേടി.

&&&&&&&&&&&&&&&&&&&&&&

## BANGLA PREZ POLLING

ബംഗ്ലാദേശിന്റെ 23-ാമത് പ്രസിഡന്റായി ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി നേതാവ് മിർസ ഫഖ്രുൽ ഇസ്ലാം അലംഗീരിനെ തിരഞ്ഞെടുത്തു. പാർലമെൻറിൽ ഇന്ന് നടന്ന പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ 255 വോട്ടുകൾ നേടിയാണ് പ്രതിപക്ഷ

സഖ്യ സ്ഥാനാർത്ഥി ഒലി അഹമ്മദിനെ അദ്ദേഹം പരാജയപ്പെടുത്തിയത്. മുൻ പ്രസിഡന്റ് മുഹമ്മദ് ഷഹാബുദ്ദീൻ രാജി വെച്ചതിനെത്തുടർന്നാണ് തിരഞ്ഞെടുപ്പ് . 35 വർഷത്തെ ഇടവേളയ്ക്ക് ശേഷം ആദ്യമായാണ് ബംഗ്ലാദേശിൽ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് നടക്കുന്നത്.

&&&&&&&&&&&&&&&&&&&&&&

## POJK PROTESTS

പാക് അധീന കശ്മീരിലെ ജനകീയ പ്രക്ഷോഭങ്ങൾ കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിക്കുന്നതായി റിപ്പോർട്ട്. പ്രതിഷേധങ്ങൾ സുധനോട്ടി ഉൾപ്പെടെയുള്ള മേഖലകളിലേക്കും വ്യാപിപ്പിക്കുമെന്നും, മുസാഫറാബാദിലേക്ക് ലോംഗ് മാർച്ച് നടത്തുമെന്നും ജോയിന്റ് അവാമി ആക്ഷൻ കമ്മിറ്റി അറിയിച്ചു. പ്രതിഷേധം റാവലകോട്ടിൽ മാത്രമാണെന്ന് ആയിരുന്നു പാകിസ്ഥാൻറെ വാദം. പാക് അധീന കശ്മീരിലെ ജനങ്ങൾക്ക് അടിസ്ഥാന അവകാശങ്ങൾ പോലും നിഷേധിച്ച് ഭരണകൂടം കടുത്ത രീതിയിൽ അടിച്ചമർത്തുന്നതായാണ് ഇന്ത്യയുടെ നിലപാട്.

&&&&&&&&&&&&&&&&&&&&&&

## FACT CHECK – META CONTENT BLOCK

നിയമവിരുദ്ധമായ കണ്ടൻറുകൾ മൂന്ന് മണിക്കൂറിനകം നീക്കം ചെയ്യണമെന്ന കേന്ദ്ര സർക്കാരിൻറെ നിർദ്ദേശം പാലിക്കുന്നതിനായി മെറ്റ, കണ്ടന്റ് ബ്ലോക്കിംഗ് ഓട്ടോമേറ്റ് ചെയ്യെന്നും, ഡൽഹി വിദ്യാർത്ഥി പ്രതിഷേധത്തിനിടെ വ്യാപകമായി കണ്ടൻറുകൾ ബ്ലോക്ക് ചെയ്യെന്നുമുള്ള ലേഖനം തള്ളി പ്രസ് ഇൻഫർമേഷൻ ബ്യൂറോ. നിയമവിരുദ്ധ കണ്ടൻറുകൾ നീക്കം ചെയ്യാനുള്ള സമയപരിധി 36 മണിക്കൂറിൽ നിന്ന് മൂന്ന് മണിക്കൂറാക്കി കുറയ്ക്കാനുള്ള തീരുമാനം ഈ വർഷം ഫെബ്രുവരിയിലാണ് വരുത്തിയതെന്ന്

വസ്തുതാ പരിശോധനാ യൂണിറ്റ് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&

## COLOMBIA-EMERCENCY

കൊളംബിയയിൽ ഭൂകമ്പത്തെത്തുടർന്ന് 30 ദിവസത്തേക്ക് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ഈ മാസം 10 നു ഉണ്ടായ ശക്തമായ ഭൂകമ്പത്തിൽ 300 പേർ മരിക്കുകയും 4,000-ത്തിലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

&&&&&&&&&&&&&&&&&&&&&&

## JOSHI-CONSUMER AFFAIRS MEET

ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം, ഉപഭോക്തൃ സുരക്ഷ എന്നിവ ഉറപ്പാക്കുന്ന പരിശോധനാ സംവിധാനം ഒരുക്കുന്നതിനായി നാഷണൽ ടെസ്റ്റ് ഹൗസ് കേഡർ പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഉപഭോക്തൃ കാര്യ മന്ത്രി പ്രഹ്ലാദ് ജോഷി ഉപഭോക്തൃ കാര്യ വകുപ്പ് സെക്രട്ടറിയുമായി ചർച്ചനടത്തി. പരിശോധയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ആധുനികവത്കരണം, സാങ്കേതിക ശേഷി വർദ്ധിപ്പിക്കൽ എന്നിവ ചർച്ചയായി.

&&&&&&&&&&&&&&&&&&&&&&

## INDIA NEPAL BORDER MEETING

അതിർത്തി പരിപാലനം സംബന്ധിച്ച പതിനാലാമത് ഇന്ത്യ-നേപ്പാൾ സയുക്ത വർക്കിംഗ് ഗ്രൂപ്പ് യോഗം ഉത്തരാഖണ്ഡിലെ ഡെഹ്റാഡൂണിൽ ആരംഭിച്ചു. അതിർത്തി സുരക്ഷയും അടിസ്ഥാന സൗകര്യങ്ങളും ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചകളാണ് രണ്ടുദിവസത്തെ യോഗത്തിൽ നടക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&